IT @ School
GENERAL EDUCATION DEPARTMENT
GOVT. OF KERALA

# IT@SCHOOL STATE PROJECT OFFICE

(IT project under Directorate of Public Instruction)

VICTERS

(The complete educational channel)

POOJAPPURA P.O., THIRUVANANTHAPURAM-12
Ph: 0471-2529800 Fax: 0471-2529810
E-mail: contact@itschool.gov.in, victers@itschool.gov.in
Website: www.itschool.gov.in, www.victers.itschool.gov.in

നം. ITS/2017/1515-1 തീയതി : 23.02.2017

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം :- ഐടി@സ്കൂൾ പ്രോജക്ട് - ഹായ് സ്കൂൾ കുട്ടിക്കൂട്ടം - അവധിക്കാലപരിശീലനത്തിന് മുന്നൊരുക്കമായി എസ്.ഐ.ടി.സി.മാർക്ക് ഏകദിന പരിശീലനം നടത്തുന്നത് സംബന്ധിച്ച്

സൂചന :-1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.12.2016 ലെ എൻ.ഇ.പി.(3) 92196/16 നമ്പർ സർക്കുലർ

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.07.2016-ലെ എൻ.ഇ.പി.(3) 45660/16 നമ്പർ സർക്കുലർ

സ്കൂൾ ഐടി കോർഡിനേറ്റർമാർക്കും സ്റ്റുഡന്റ് സ്കൂൾ ഐടി കോർഡിനേറ്റർമാർക്കും 2017 മാർച്ച് മാസത്തിലും അവധിക്കാലത്തുമായി പ്രത്യേക ഐസിടി പരിശീലനങ്ങൾ നൽകുന്നുണ്ട്. പ്രസ്തുത പരിശീലനങ്ങളുടെ ക്രമീകരണങ്ങൾക്ക് ജില്ലാ കോർഡിനേറ്റർക്ക് നൽകിയ കത്തിന്റെ പകർപ്പ് ഇതോടൊപ്പം അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് ഡയറക്ടർ

IT@School
DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

IT@SCHOOL STATE PROJECT OFFICE
(IT Project under Directorate of Public Instruction)
VICTERS
(The complete educational channel)
POOJAPPURA. P.O., THIRUVANANTHAPURAM - 12
Ph: 0471-2529800 Fax: 0471-2529810
E-mail: contact@itschool.gov.in, victers@itschool.gov.in
Website: www.itschool.gov.in, www.victers.itschool.gov.in

നം. ITS/2017/1515-1 തീയതി : 23.02.2017

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും

സർ,

**വിഷയം :-** **ഐടി@സ്കൂൾ പ്രോജക്ട് - ഹായ് സ്കൂൾ കുട്ടിക്കൂട്ടം അവധിക്കാലപരിശീലനത്തിന് മുന്നൊരുക്കമായി എസ്.ഐ.ടി.സി.മാർക്ക് ഏകദിന പരിശീലനം നടത്തുന്നത് സംബന്ധിച്ച്**

**സൂചന :-** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.12.2016 ലെ എൻ.ഇ.പി.(3) 92196/16 നമ്പർ സർക്കുലർ

'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതിയിൽ അംഗമായ എല്ലാ വിദ്യാർഥികൾക്കും അവധിക്കാലത്ത് നൽകുന്ന അടിസ്ഥാന ദ്വിദിന പരിശീലനത്തിന്റെ മുന്നൊരുക്കങ്ങൾ എസ്.ഐ.ടി.സി.മാരുമായി പങ്കുവയ്ക്കുന്നതിന് മാർച്ച് 4 മുതൽ 6 വരെയുള്ള ഏതെങ്കിലും ഒരു ദിവസം വിദ്യാഭ്യാസ ജില്ലാതലത്തിൽ പരിശീലനം സംഘടിപ്പിക്കേണ്ടതാണ്. 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതിയിൽ ചേർന്നിട്ടുള്ള കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ബാച്ചുകളുടെ എണ്ണവും സെന്ററുകളുടെ വിശദാംശങ്ങളും വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ ജില്ലാതലത്തിൽ തയ്യാറാക്കി പ്രസ്തുതയോഗത്തിൽ എസ്.ഐ.ടി.സി.മാരെ അറിയിക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് 125 രൂപ വീതം ഡി.ആർ.സി. അക്കൗണ്ടിൽ നിന്നും ഹോണറേറിയമായി ചെലവഴിക്കാവുന്നതാണ്.

എസ്.ഐ.ടി.സി മീറ്റിങ്ങിലും പിന്നീട് സ്കൂൾ തലത്തിൽ നടക്കുന്ന യോഗത്തിലും അവതരിപ്പിക്കേണ്ട 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതിയുടെ വിവിധ മേഖലകളിലെ പരിശീലനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന് സഹായകരമായ നിർദ്ദേശങ്ങളും പ്രസന്റേഷൻ ഫയലുകളും ഇതോടൊപ്പം ചേർത്തിട്ടുണ്ട്. എല്ലാ മാസ്റ്റർ ട്രെയിനർമാരും ഇക്കാര്യത്തിൽ അവബോധം നേടിയശേഷമായിരിക്കണം എസ്.ഐ.ടി.സി.മാർക്ക് പരിശീലനം നൽകേണ്ടത്.

ഹായ് സ്കൂൾ കുട്ടിക്കൂട്ടത്തിന്റെ ഘടന, പരിശീലന ഷെഡ്യൂൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ മാർച്ച് 10 ന് എസ്.ഐ.ടി.സി.യുടെ നേതൃത്വത്തിൽ സ്കൂൾ തലത്തിൽ കുട്ടികളുടെ പ്രത്യേക യോഗം ചേർന്ന് പങ്കുവയ്ക്കേണ്ടതാണ്. ഇക്കാര്യം സ്കൂൾ അധികൃതർ മുഖാന്തരം കുട്ടികളെ അറിയിക്കുന്നതിന് ജില്ലാ കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ് :

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ആമുഖ കത്ത് സഹിതം)
എല്ലാ ഡി.ഡി.ഇ., ഡി.ഇ.ഒ മാർക്കും
എല്ലാ ഗവ./എയിഡഡ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (ജില്ലാ കോർഡിനേറ്റർ മുഖാന്തരം)

## എസ്.ഐ.ടി.സി മാരുടെ യോഗം
## മാർച്ച് 4 | 5 | 6

**മാർഗ്ഗരേഖ**

- മാർച്ച് പത്തിന് എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളിലും എസ്.ഐ.ടി.സി., ജോയിന്റ് എസ്.ഐ.ടി.സിമാരുടെ നേതൃത്വത്തിൽ നടത്തേണ്ട **'ഹായ്സ്കൂൾ കുട്ടിക്കൂട്ടം'** ഏകദിന കൂടിച്ചേരലിനു മുന്നോടിയായാണ് മാർച്ച് 4 | 5 | 6 ന് MT മാരുടെ നേതൃത്വത്തിൽ ഓരോ വിദ്യാഭ്യാസ ജില്ലയിലും എസ്.ഐ.ടി.സി. യോഗം നടത്തേണ്ടത്.
- MT മാരുടെ നേതൃത്വത്തിൽ നടത്തുന്ന ഈ യോഗത്തിന്റെ മാതൃകയിലാണ് മാർച്ച് പത്തിന് സ്കൂളുകളിൽ SITC മാർ കുട്ടിക്കൂട്ടം അംഗങ്ങളുടെ യോഗം ചേരേണ്ടത്. രണ്ട് യോഗത്തിനും സമാന അജണ്ടയായിരിക്കും.
- ഫെബ്രുവരിയോടെ 8,9 ക്ലാസുകൾ അവസാനിക്കുന്നതിനാൽ ഫെബ്രുവരി 28 നകം തന്നെ മാർച്ച് 10 ലെ കുട്ടിക്കൂട്ടം യോഗത്തിന്റെ വിവരം അംഗങ്ങളെ അറിയിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത വിവരം 23 നകം തന്നെ സ്കൂളുകളെ അറിയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- അവധിക്കാല പരിശീലനത്തിന് പ്രത്യേക മൊഡ്യൂൾ ഉണ്ടായിരിക്കുന്നതാണ്. SRG, DRG പരിശീലനങ്ങൾ ആവശ്യമെങ്കിൽ ക്രമീകരിക്കുന്നതാണ്.
- പൊതുവിദ്യാലയ ശാക്തീകരണത്തിന്റെ ഭാഗമായ പ്രവർത്തനമാണ് ഹായ് സ്കൂൾ കുട്ടിക്കൂട്ടം. ആയതിനാൽ കുട്ടിക്കൂട്ടം യോഗവും പരിശീലനവും ഹെഡ്മാസ്റ്റർമാരുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.
- ഓരോ വിദ്യാഭ്യാസ ജില്ലയിലും ഡിഇഒയുടെ ആഭിമുഖ്യത്തിലാണ് എസ്.ഐ.ടി.സി യോഗം വിളിക്കേണ്ടത്.
- എസ്.ഐ.ടി. മീറ്റിങ്ങിനു മുമ്പ് തന്നെ ഏപ്രിൽ ആദ്യവാരം നടക്കുന്ന രണ്ട് ദിവസത്തെ പരിശീലന ഷെഡ്യൂൾ (Tentative) ജില്ലയിൽ ഡിസിമാരുടെ നേതൃത്വത്തിൽ തയാറാക്കണം. എത്ര സെന്റർ, എത്ര RP മാർ. സെന്ററുകളെക്കുറിച്ചുള്ള വിവരം തുടങ്ങിയവ യോഗത്തിൽ SITC മാരെ അറിയിക്കണം. പരിശീലന തിയതി പിന്നീട് അറിയിക്കാവുന്നതാണ്.
- രണ്ടു കുട്ടികൾക്ക് ഒരു കമ്പ്യൂട്ടർ എന്ന മാനദണ്ഡത്തിൽ 26-30 വരെ കുട്ടികളെ ഒരു ബാച്ചിൽ പങ്കെടുപ്പിക്കാം. 2 RP മാർ.

**മാർച്ച് 4 |5 | 6 ലെ എസ്.ഐ.ടി സി മീറ്റിങ്ങിലെ അജണ്ട**

- ഹായ്സ്കൂൾ കുട്ടിക്കൂട്ടത്തെക്കുറിച്ചുള്ള പൊതു അവതരണം - ചുമതല, ലക്ഷ്യങ്ങൾ, ഘടന, നടത്തിപ്പ്
  - ഉപയോഗിക്കാവുന്ന ഡോക്യുമെന്റുകൾ
    - അപ്രോച്ച് പേപ്പർ
    - Kuttikkoottam_Intro എന്ന പ്രസന്റേഷൻ ഫയൽ
    - പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.12.2016 ലെ എൻ.ഇ.പി.(3) 92196/16 നമ്പർ സർക്കുലർ
    - ഇതുമായി ബന്ധപ്പെട്ട് ഐ,ടി@സ്കൂൾ പുറത്തിറക്കിയ നിർദേശങ്ങൾ (https://www.itschool.gov.in/2016/ssitcproject3122016.pdf)
- ഹായ് സ്കൂൾ കുട്ടിക്കൂട്ടം - പരിശീലന മേഖലകളും പ്രവർത്തന പദ്ധതികളും
  - ഉപയോഗിക്കാവുന്ന ഡോക്യുമെന്റുകൾ
    - Animation.pdf
    - Internet_Cyber_Safety.pdf
    - Electronics_physical computing.pdf,
    - Hardware.pdf
    - Malayalam_Computing.pdf

- ഹായ് സ്കൂൾ കൂട്ടിക്കൂട്ടം - സഹകരിക്കുന്ന സംഘടനകൾ, വിദ്യാർഥികൾക്ക് ലഭിക്കുന്ന അവസരങ്ങൾ ...
    - ഉപയോഗിക്കാവുന്ന ഡോക്യുമെന്റുകൾ
        - മുൻ സെഷനിൽ ഉപയോഗിച്ച പ്രസന്റേഷൻ ഫയലുകൾ

**മാർച്ച് 4 |5 | 6 ലെ മീറ്റിങ്ങിൽ പറയേണ്ട മറ്റു കാര്യങ്ങൾ**

- എല്ലാ കൂട്ടിക്കൂട്ടം അംഗങ്ങൾക്കും എല്ലാ മേഖലയിലും അടിസ്ഥാന പരിശീലനം (2 Days) നൽകും. ഇത് ഏപ്രിൽ ആദ്യവാരം നടത്തും.
- കൂട്ടിക്കൂട്ടം അംഗങ്ങൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിൽ അത്യാവശ്യം ധാരണ ഉണ്ടായിരി ക്കേണ്ടതാണ്.
- രണ്ട് ദിവസത്തെ അടിസ്ഥാന പരിശീലനത്തിന് ശേഷം കൂടുതൽ പരിശീലനത്തിനായി വിദ്യാർഥികൾ ഏതെങ്കിലും രണ്ട് മേഖലകൾ തിരഞ്ഞെടുക്കണം. ഇതിന് എസ്.ഐ.ടി.സി മാരുടെ സഹായം അത്യാവശ്യമാണ്.
- ഒരു സ്കൂളിൽ നിന്ന് എല്ലാ മേഖലയിലും ആനുപാതികമായി അംഗങ്ങളുണ്ടായിരിക്കണം. എല്ലാവരും കൂടി ഒരു മേഖല മാത്രം തിരഞ്ഞെടുക്കുന്നത് നിരുത്സാഹപ്പെടുത്തണം.
- അവധിക്കാല പരിശീലനത്തിനാവശ്യമായ മുന്നൊരുക്കങ്ങൾ
        - പരിശീലന സെന്ററുകൾ കണ്ടെത്തൽ
        - റിസോഴ്സ് അധ്യാപകരെ കണ്ടെത്തൽ (ആവശ്യമെങ്കിൽ)
        - ഓരോ പരിശീലന സെന്ററിലും ഉറപ്പ് വരുത്തേണ്ട ഉപകരണങ്ങൾ
            - ഹാർഡ്‌വെയർ സെഷനിലേക്ക്
                - പ്രവർത്തിക്കുന്നതും ഉപയോഗിക്കാൻ കഴിയാത്തതുമായ ഡെസ്ക്ടോപ് കമ്പ്യൂട്ടർ (14.04 ഇൻസ്റ്റാൾ സാധിക്കാത്ത) : 1
                - ഇ-വേസ്റ്റിന്റെ ഭാഗമായി മാറ്റിവെച്ച ഡെസ്ക്ടോപ് കമ്പ്യൂട്ടർ : 4 എണ്ണം (എല്ലാ ഹാർഡ് വെയർ ഭാഗങ്ങളുമുള്ള സിസ്റ്റം)
            - ഇലക്ട്രോണിക് സെഷനിലേക്ക്
                - ഇലക്ട്രോണിക് കിറ്റ് : 6 എണ്ണം (മറ്റു സ്കൂളുകളിൽ നിന്നുള്ളവ ഉൾപ്പെടെ സംഘടിപ്പിക്കാം)

**മാർച്ച് 10 ലെ സ്കൂൾതല പരിശീലനത്തിന്റെ പ്ലാനിങ്**

- SITC മീറ്റിങ്ങ് നടന്ന മാതൃകയിലാണ് യോഗം സ്കൂളിൽ നടക്കേണ്ടത്. SITC മീറ്റിങ്ങിൽ അവതരിപ്പിച്ച എല്ലാ കാര്യങ്ങളും കുട്ടികളെ അറിയിക്കണം. ഇതിനായി അപ്രോച്ച് പേപ്പർ, പ്രസന്റേഷൻ ഫയൽ, സർക്കുലർ എന്നിവ ഉപയോഗിക്കാം.
- HM, PTA President/SMC ചെയർമാൻ എന്നിവരെ മീറ്റിങ്ങിൽ ഉൾപ്പെടുത്തണം.
- കൂട്ടിക്കൂട്ടം നിർവാഹക സമിതി യോഗത്തിലേക്ക് ആവശ്യമായ വിദ്യാർഥി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് അന്ന് നടക്കണം
- ഏപ്രിലിൽ നടക്കുന്ന അടിസ്ഥാന പരിശീലനത്തെക്കുറിച്ചുള്ള വിവരം, സ്കൂൾ അടക്കുന്നതിന് മുമ്പ് ഒരു പ്രാവശ്യം കൂടി കുട്ടികളെ ഓർമ്മപ്പെടുത്തേണ്ടതാണ്.
- ഓരോ വിദ്യാർഥിയും ഏതെങ്കിലും രണ്ട് മേഖലയിലാണ് വിശദമായ പരിശീലനം നേടേണ്ടത്. ഈ മേഖല തിരഞ്ഞെടുക്കേണ്ടത് അടിസ്ഥാന പരിശീലനത്തിന് ശേഷമാണ്.
- സ്കൂളിൽ പ്രത്യേകമായി ചെയ്യാവുന്ന പ്രവർത്തനങ്ങളുടെ ആസൂത്രണം.

